പത്മനാഭോദയം ഹയർസെക്കന്ററി സ്കൂൾ മെഴുവേലി

## ഡിജിറ്റൽ മാഗസിൻ - 2019

# നവധ്വനി

## ആമുഖം

***ഈ അദ്ധ്യയന വർഷത്തിൻെ തുടക്കത്തിൽ തന്നെ നമ്മുടെ കൊച്ചു കേരളം ഒരു മഹാപ്രളയത്തിന് സാക്ഷിയാകേണ്ടി വന്നു . ഭയചകിതരായ നമ്മൾ നാം അതിനെ ഒറ്റക്കെട്ടായിനേരിട്ടു . അതിജീവിതത്തിന്റെ പാതയിൽ നാടിന്റെ ചങ്കിടിപ്പായി നിൽക്കുന്ന പൊതു വിദ്യാലയങ്ങൾ ദുരിത ബാധിതർക്ക് അഭയകേന്ദ്രങ്ങളായി . സ്കൂളുകൾ ഒറ്റകെട്ടായി എറ്റെടുത്ത I T സംരംഭമായ LITTLE KITES ന്റെ പ്രവർത്തനങ്ങളെയും പ്രളയം ബാധിച്ചു . എന്നിരുന്നാലും തുടർന്നുള്ള നാളുകളിൽ IT മേഖലയിലുള്ള മാസ്റ്റർ ട്രേയിനേഴസ് ന്റെ വിദഗ്ധക്ലാസ്സുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്കും , അദ്ധ്യാപകർക്കും ധാരാളം ക്ലാസുകൾ ലഭിച്ചു .***

***അതിന്റെ ഫലമായി മെഴുവേലി പത്മനാഭോദയം ഹയർ സെക്കന്ററി സ്കൂളിലെ little kites യൂണിറ്റിലെ കുട്ടികൾ അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസീൻ നവധ്വനി നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു***

# ഉള്ളടക്കം

1 എന്റെ ജീവൻ കവർന്ന വേനൽ [കഥ ]

2 തെരുവോരത്ത് എരിഞ്ഞ തീർന്ന മാതൃത്വം [കഥ ]

3 മഹത് വചനം

4 എന്റെ വിദ്യാലയം [കവിത ]

5 മറക്കാനാവാത്ത ദുരന്തനാളുകൾ [അനുഭവകുറിപ്പ്]

**Table of Contents**

# ഡിജിറ്റൽ മാഗസിനുപിന്നിൽ പ്രവർത്തിച്ചവർ

മാഗസിൻ എഡിറ്റർ : വിനീത. സി

ചിത്രസംയോജനം : പാർത്ഥസാരഥി , അമ്പാടി

ലേ ഔട്ട് : അഭിജിത്ത്

മലയാളം ടൈപ്പിംഗ് : നന്ദന, അർപ്പിത

സൂര്യ, രഹന

## എഡിറ്റോറിയൽ ബോർഡ്

സിന്ധു .എം.കെ : [ ഹെഡ്മിസ്ട്രസ്സ് ]

അമ്പിളി ശ്രീധരൻ : [ SITC , കൈറ്റ് മാസ്റ്റർ ]

റോജി . സി .വി : [ കൈറ്റ് മാസ്റ്റർ ]

മാഗസിൻ സഹായികൾ :ശ്രീലക്ഷ്മി, അപർണ

: കൃഷ്ണ പ്രിയ, റോഷ്ണി,


പ്രിൻസി, സനു

ജാതി ഭേദം മതദ്വേഷം

ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്







## സ്കൂൾ സ്ഥാപകൻ

## മൂലൂർ എസ് പത്മനാഭപണിക്കർ



# പത്മനാഭോദയം ഹയർസെക്കന്ററി സ്കൂൾ

# നവതിയുടെനിറവിൽ






## നൊമ്പരങ്ങളോടെ ...



# നവധ്വനി



## പ്രിൻസിപ്പാൾ

-ബിജു.ജെ



ഡിജിറ്റൽ ഇൻഡ്യ സ്വപ്നംയാഥാർത്ഥ്യമാക്കാനുള്ള നമ്മുടെ ഗവർമെന്റുകളുടെ ശ്രമത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നവധ്വനിക്ക് എല്ലാഭാവുകങ്ങളും നേരുന്നു

ഹെഡ് മിസ്ട്രസ്

സിന്ധു. എം കെ



പി റ്റി എ പ്രസിഡന്റ്
അജി ചന്ദ്രൻ



# എന്റെ ജീവൻ കവർന്ന വേനൽ

പച്ചപരവതാനിയിലെ ഒരു നിറകൊട്ടാരമായിരുന്നു ഞാൻ. അതിനെ അലങ്കരിക്കുന്നതും എന്റെ ജീവനുമായിരുന്നു എന്റെ പച്ചപ്പുനിറഞ്ഞ ഇലകൾ ആകാശത്തിന്റെ മകനായിയാണ് ഞാൻ നില കൊണ്ടിരുന്നത്. എന്റെ ചില്ലകൾക്കിടയിലൂടെ ആതി രാവിലെ നീലാകാശത്ത് സിന്ദൂരം പൂശി സൂര്യൻ എത്തുന്നു. അതിലൂടെ എന്റെ ശോഭ വർണിക്കുന്നു. കിളികളുടെ മന്ത്രനാദം എന്റെ കാതിന് ഒരു കുളിർമയായിരുന്നു. രാത്രിയിലും പകലും  അനേകം ജീവജാലങ്ങൾ എന്നിൽ അഭയം പേടുപന്നു. രാത്രിയിൽ പൂർണചന്ദ്രൻ നിറഞ്ഞു നിൽക്കുന്നു. നിലാവിൽ കുളിച്ചു നിൽക്കുന്ന ചന്ദ്രനെ അലങ്കരിക്കുന്ന നക്ഷത്രങ്ങൾ എല്ലാം ഞാൻ വളരെയധികം ആസ്വദിച്ചു. പക്ഷെ ഇന്ന് എന്നിൽ നിന്ന് എല്ലാംഒരുപാട് അകറ്റി എന്നിൽ ഒരു രോഗം പിടിപെട്ടു. സൂര്യൻ എനിക്ക് വേനൽക്കാലത്തുതന്ന സമ്മാനം. എന്റെ  നിറകൊട്ടാരത്തിന്റെ അലങ്കാരവും എന്റെ  ജീവനും ആയ ഇലകൾ എന്നെ വിട്ട് പിരിഞ്ഞു പോയി.ഞാൻ ഇന്ന് ജീവിക്കുന്നത് ജീവശവമായാണ് .

കിളികളും രാത്രിയിൽ നക്ഷത്രങ്ങളും പൂർണചന്ദ്രനും ഒക്കെ വരും ഒന്നിനേയും എനിക്ക് പക്ഷെ ആസ്വദിക്കാൻ പറ്റുന്നില്ല . എന്റെ ജീവൻ തന്നെ കവർന്നു കത്തിജ്വലിക്കുന്ന സൂര്യൻ എന്നിൽ ആരും അഭയം തേടുന്നില്ല. നിറം മങ്ങിയ കോട്ടാരമാണ് ഞാൻ ഇപ്പോൾ . എന്റെ അടുക്കൽ എന്നാൽ എല്ലാവരും എന്നെ ആസ്വദിക്കാൻ കിളികളും , ആകാശവും എന്റെ അലങ്കാരമായ ഇലകളും എന്നിൽ തിരികെയെത്തും എന്ന് ഞാൻ വിശ്വസിക്കുന്നു

നന്ദന.എസ്

9A

# തെരുവോരത്ത് എരിഞ്ഞു തീർന്ന മാതൃത്വം

*പാതയോരം ജനനിബിഡമായിരുന്നു. എങ്ങും ഇരുട്ടിന്റെ രശ്മികൾ പടർന്നിരുന്നു. അതേസമയം പതയോരത്തെ കടകളിലെയും തെരുവു വിളക്കിന്റെയും പ്രകാശം എങ്ങും പരന്നു. അതാ തെരുവോരത്തിന്റെ ഒരറ്റത്തുനിന്ന് ഒരു സ്ത്രീയുടെ ശബ്ദമുയർന്നു. തിരക്കിലേർപ്പെട്ട ആൾക്കൂട്ടത്തിലേക്ക് ഒരമ്മ ഓടി വന്നു. ഒരു നിമിഷം ആ പാതയ്യൊരം നിശബ്ദമായി. ആ അമ്മയുടെ പഴംത്തുണി കെട്ടിലിരുന്ന പിഞ്ചു കുഞ്ഞിനെയാണ് ആളുകൾ ഉറ്റനോക്കിയത്. " ഹേയ് മാളോരെ, കുഞ്ഞിനെ വേണോ? ജിവനുള്ള കുഞ്ഞ് "ആ അമ്മ ഉറക്കെ ശബ്ദമുയർത്തി ചോദിച്ചു. ആൾക്കൂട്ടത്തിന്റെ ഇടയിൽ നിന്നും ഒരാൾ ആ സ്ത്രീയുടെ നേർക്ക് കൈചൂണ്ടി ചോദിച്ചു: " നിനക്ക് ഭ്രാന്താണോ? സ്വന്തം കുഞ്ഞിനെ വിൽക്കുകയോ?" "എന്റെ സ്വന്തം കുഞ്ഞുതന്നെയാ ഇത്,എനിക്ക് ഭ്രാന്തൊന്നും ഇല്ല . സ്വന്തം കുഞ്ഞിനെ വളർത്താൻ കഴിയില്ല എന്നതുകൊണ്ടാ ഞാൻ തീരുമാനിച്ചത് " നിറഞ്ഞ കണ്ണുകളോടുകൂടി. നിസ്സഹായതാവസ്ഥയിൽ സ്ത്രീ അയാൾക്ക് മറുപടി നൽകി . അപ്പോഴും കുഞ്ഞിന്റെ കരച്ചിൽ തുടർന്നു കൊണ്ടേയിരുന്നു . അത്രയും നേരം അവിടെ തടിച്ചുകൂടിയ ജനങ്ങൾ "ഈ സ്ത്രീക്ക് ഭ്രാന്താണെന്നൊക്കെ" പറഞ്ഞു കൊണ്ട് പിരിഞ്ഞുപോയു എല്ലാവരും പിരിഞ്ഞുപോയപ്പോഴും അമ്മ കുഞ്ഞിനെ ചേർത്തുപിടിച്ച് പാതയോരത്ത് കരഞ്ഞുകൊണ്ട് നിന്നു. അവശത ആ സ്ത്രീയിൽ ഇളവാക്കിയിരുന്നു. പെട്ടെന്ന് സ്ത്രീയുടെ അടുത്തേക്ക് ഒരു കാർ നിർത്തുകയും അതിൽ നിന്ന് ഒരു യുവതിയിറങ്ങി കുഞ്ഞിന്റെയും അമ്മയുടെയും അടുക്കലേക്ക് ചെല്ലുകയും ചെയ്തു . ആരാണെന്നറിയുവാൻ വേണ്ടി ആ അമ്മ കരച്ചിൽ നിർത്തി മുഖം യുവതിക്കുനേരെ നോക്കി. "ഞാൻ അങ്ങ് നഗരത്തിൽ നിന്നുള്ളതാ . ഒരു യാത്രകഴിഞ്ഞ് വരുന്ന വഴിയാ". ഒരു ഹോട്ടലിലേക്ക് കൈചൂണ്ടി ആ യുവതി തുടർന്നു: "ആഹാരം കഴിച്ചുകഴിഞ്ഞ് ഇറങ്ങി വരുമ്പോഴാണ് ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് അറിയുന്നത്.*

*ഈ പെൺ കുഞ്ഞിനെ വിട്ടുതരുമോ? ഞാൻ പൊന്നുപോലെ നോക്കിക്കോളം." അമ്മയുടെ അവശതനിറഞ്ഞ മുഖംപെട്ടെന്ന് പ്രസന്നമായി. തെരുവുവിളക്കിന്റെ വെളിച്ചത്തിൽ ആ അമ്മയുടെ കണ്ണുകൾ തിളങ്ങുന്നത് യുവതി ശ്രദ്ധിച്ചു. തന്റെ പൊന്നോമനയെ നെഞ്ചോടു ചേർത്തു പിടിച്ച് ആ അമ്മ പറഞ്ഞു: "വയ്യമോളെ വയ്യ...... ഈ അമ്മയ്ക്ക് നിന്നെ വളർത്താൻ കഴിയില്ല. സ്വന്തം അമ്മയുടെ മുലപ്പാൽ നിനക്ക് ഇനി*

*നുണയാൻ കഴിയില്ല. ഇനി നീ നിന്റെ അമ്മയെ കാണില്ല . എന്നോട് ക്ഷമിക്കു." ഇത്രയും പറഞ്ഞ് അമ്മ തന്റെ പൊന്നോമനയുടെ നെറുകിൽ ചുംബിച്ചിട്ട് ആ യുവതിക്ക് കുഞ്ഞിനെ കൈമാറി . അവർ തിരിഞ്ഞു നടക്കാൻ തുടങ്ങി യുവതി നോക്കിയപ്പോൾ ആ അമ്മയുടെ*

*സാരി മുഴുവൻ രക്തം കൊണ്ട് നിറഞ്ഞിരുന്നു . പിന്നിൽ കുത്തേറ്റിട്ടുണ്ട് യുവതി ഓടിച്ചെന്ന് ആ അമ്മയുടെ കൈയിൽ പിടിച്ചിട്ട് മുറിവിന്റെ കാരണം തിരക്കി.*

*കുറച്ച് നീചകന്മാർ ചേർന്ന് പിച്ചിചീന്തിയ ആ ശരീരത്തിന് ഇനി ജീവൻ വേണ്ടെന്ന് അവർ മറുപടി നൽകി .*

*അലീന എസ്സ് VIIIB*

# മഹത് വചനം

* അവസരങ്ങളാണ് ആളുകളാണ്  ഭരിക്കുന്നത് .
അല്ലാതെ, ആളുകൾ അവസരങ്ങളെയല്ല
- ഹെറഡോട്ടസ്

* നാം ആരാണെന്ന് നമുക്കറിയാമെങ്കിലും
ആരായേക്കുമെന്ന അറിയുകയില്ല.
-ഷെയ്ക്സ്പിയർ

*പരിശ്രമത്തിലാണ് സംതൃപ്തി.
പൂർണ പരിശ്രമമെന്നാൽ
പൂർണ ജയമെന്നാണ്.
-മഹാത്മാ ഗന്ധി

*എനിക്കു സാധിക്കുമെന്നു ചിന്തിക്കുന്നവന്
എന്തും സാധ്യം
-- ശ്രീബുദ്ധൻ

*കാരുണ്യം വീട്ടിൽ തുടങ്ങുന്നു
പക്ഷേ , അതവിടെ അവസാനിക്കരുത്
- പഴമൊഴി

*ഒരു കുട്ടി
ഒരു അദ്ധ്യാപകൻ
ഒരു പേന
ഇവകൊണ്ട് ഒരു ലോകം തന്നെ മാറ്റി
മറിക്കാൻ കഴിയും
- മലാല

*ബുദ്ധികൊണ്ട് പ്രബുദ്ധരാകുക
- ശ്രീനാരായണ ഗുരു

* ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
നമ്മുടെ ഉറക്കം കളയുന്നതെന്താണോ
അതാണ് സ്വപ്നം

# എന്റെ വിദ്യാലയം

എൻ ഗുരുക്കോളോതി തന്ന ഓരോ അക്ഷരവും
ചൊല്ലി പഠിച്ച ഞാനെൻ വിദ്യാലയത്തിൽ .
അക്ഷരമാവുമെന്നമ്മയെ ചുംബിച്ചുണർന്ന
നാളുകൾ ഞാനോർത്തിരിപ്പൂ .
സൗഹൃദത്താൽ വിദ്യാലയനാളുകൾ
തേൻകനിപോൽ മധുരിതമല്ലയോ .
പുതുമണ്ണിൽ മണമാർന്ന എൻ
പുസ്തകതാളുകളിൽ മയിൽപ്പീലി
ഒളിപ്പിച്ചുവെച്ച ഞാനുമെൻ സഹപാഠികളും .
പൂന്തോട്ടത്തിലെ ചെറുശലഭങ്ങൾ പോൽ
കളിച്ചുല്ലസിച്ച നടന്ന ഞങ്ങൾ .
അറിവും ആനന്ദവും സംമിശ്രിതമാകുമെൻ
വിദ്യലയമൊരു പൊൻപ്രകൃതി .
അറിവിൻ പുഷ്പങ്ങളെൻ അധ്യപകർ
സുഗന്ധംപരത്തിടും ഒരു നാളേക്കുവേണ്ടി .
വിദ്യ അഭ്യസിച്ചിടും ഞങ്ങൾതൻ മനസിൽ
മാതാ , പിതാ, ഗുരു , ദൈവം എന്നുപഠിപ്പിച്ചതെൻ
ഗുരുക്കളല്ലയോ !

എൻ വിദ്യാലയമൊരു അറിവിൻ അക്ഷരലോകം .

വിദ്യലയമൊരു പൊൻപ്രകൃതി .
അറിവിൻ പുഷ്പങ്ങളെൻ അധ്യപകർ
സുഗന്ധംപരത്തിടും ഒരു നാളേക്കുവേണ്ടി .
വിദ്യ അഭ്യസിച്ചിടും ഞങ്ങൾതൻ മനസിൽ
മാതാ , പിതാ, ഗുരു , ദൈവം എന്നുപഠിപ്പിച്ചതെൻ
ഗുരുക്കളല്ലയോ !

എൻ വിദ്യാലയമൊരു അറിവിൻ അക്ഷരലോകം

അലീന

8A

## മറക്കാനാവാത്ത ദുരന്തനാളുകൾ

2018 ആഗസ്റ്റ് 15 കേരളത്തെ മുഴുവൻ ദുരന്തത്തിലാഴ്ത്തിയ ഒരു പ്രളയം . എന്റെ ജീവിതത്തിൽ മറക്കാനാവാത്ത നാളുകൾ എല്ലാകേരളിയരുടേയും മനസിൽ തീക്കനൽ എരിഞ്ഞനാളുകൾ .

കേരളത്തെ നടുക്കിയ ഒരു പ്രളയദുരന്തമായിരുന്നു അത്. പ്രകൃതി യിലുള്ള എല്ലാ ജീവജാവധങ്ങളും വാസസ്ഥലമില്ലാതെ ഒരു നേരത്തെ ഭക്ഷണമില്ലാതെ അലഞ്ഞുതിരിഞ്ഞനാളുകളായിരുന്നു അത് . ജാതി, മത ഭേദമില്ലാതെ ശത്രുക്കൾ പോലും ഒന്നായ നാളുകൾ . ഓരോ കുടുംബവും പ്രളയത്തിൽ ആഴ്ത്തപ്പെട്ടപ്പോൾ അതിൽ രണ്ട് കുടുംബം ഞങ്ങളുടേതായിരുന്നു . 2018 ആഗസ്റ്റ് 15 ബുധനാഴ്ച്ച ഏകദേശം 2 മണിയോടെ പ്രളയ ദുരന്തത്തില് ഞങ്ങളും അകപ്പെട്ടു . എങ്ങോട്ടു പോകണമെന്നറിയാതെ ഒരു നിസ്സഹായതാവസ്ഥ . ജീവിതം ദുരന്തത്തിലാക്കപ്പെട്ട ദിവസങ്ങൾ . ആ പ്രളയദുരന്തത്തിൽ ഞങ്ങളേയും രക്ഷിക്കാൻ ഒരുകൂട്ടം  നല്ല ആളുകൾ കേരളത്തിലുണ്ടെന്ന് മനസിലാക്കപ്പെട്ടനാളുകൾ . ഒരോ നിമിഷവും പേടിച്ചുകൊണ്ടേയിരുന്നു . ഇനിയും വെള്ളംകൂടുമോയെന്ന് . ഉറക്കം വന്ന
രാത്രികളിൽ ഉറങ്ങാതെ ഇരുന്ന് വെള്ളം ഇനിയും കയറുന്നുണ്ടോ എന്ന് ഭയന്ന നിമിഷങ്ങൾ  . ഒരുതുള്ളി വെള്ളമില്ലാതെ അലഞ്ഞതിരിഞ്ഞനാളുകൾ . പൂർണമായും വീട്ടിൽ വെള്ളംകേറിയപ്പോൾ ക്യാമ്പുകളിൽ പോലും പോകാൻ വയ്യാത്ത അവസ്ഥ ഞങ്ങൾക്കും ഞങ്ങളുടെ കുടുംബത്തിനുംമുണ്ടായിരുന്നു .ഈ ദുരന്തത്തിൽ  ഞങ്ങൾക്ക് എന്തെല്ലാമാണ് നഷ്ടപ്പെട്ടതെന്ന് ഇപ്പോഴും ഓർക്കാൻ കഴിയുന്നില്ല . ഞങ്ങളെ ഈ പ്രളയത്തിൽ രക്ഷിച്ച  വാക്കുകളാൽ നന്ദി .ഇന്നും പേടി സ്വപ്നമായി ഞങ്ങളുടെ മനസ്സിൽ ആ പ്രളയ ദുരന്തനാളുകൾ കടന്നു വരുന്നു ഞങ്ങളെ പ്രളയത്തിൽ നിന്ന് അതിജീവിക്കാൻ സഹായിച്ചവരെ കുട്ടികളാൽ വാക്കുകൾ കൊണ്ട് നന്ദി രേഖപ്പെടുത്തുന്നു. ഇനി ഒരിക്കലും ഇതുപോലെ ഒരു ദുരന്തം കേരളത്തിനും ലോകത്തിനു പോലും ഉണ്ടാകാതിരിക്കടെ എന്ന് ഞങ്ങൾ ആത്മാർഥമായി പ്രാർഥിക്കുന്നു

ജയലക്ഷ്മി. എസ് &

വന്ദന 8A

Little kites unit




THANKS